# ഉത്കണ്ഠാകുലരാകരുത്

## മത്തായി 6:27

**"വിചാരപ്പെടുന്നതിനാൽ തന്റെ നീളത്തോടു ഒരു മുഴം കൂട്ടുവാൻ നിങ്ങളിൽ ആർക്കു കഴിയും?"**

മനുഷ്യ ജീവിതത്തിൽ അങ്ങോളം ഇങ്ങോളം നാളിതുവരെയും നിലനിൽക്കുന്ന ഒരു കാര്യമാണ് ഉത്കണ്ഠ അല്ലെങ്കിൽ ആകുലത എന്നു പറയുന്നത്. അത് ഒരു കുഞ്ഞിന്റെ ജനനം മുതലുള്ള കാര്യം എടുത്തു പരിശോധിച്ചാൽ നമുക്ക് കാണാൻ കഴിയും, അതിന്റെ മാതാപിതാക്കളുടെ ഉത്കണ്ഠകൾ. കുഞ്ഞിനെ വളർത്തേണ്ടിയതിന്റെയും, നല്ല വിദ്യാഭ്യാസം നൽകേണ്ടിയതിന്റേയും അതു കഴിഞ്ഞ് അതിന്റെ ഭാവി കാര്യങ്ങളെക്കുറിച്ചും ഒക്കെ വിചാരിച്ച് ആകുലപ്പെടുന്ന അവസ്ഥ. ഇത് ഒരു ഉദാഹരണമായി മാത്രം നാമെടുക്കുമ്പോൾ എല്ലാ മനുഷ്യർക്കും, അത് പ്രായഭേദമെന്യേ ഇന്നു ആകുലത കൂടി വരുന്ന ഒരു സാഹചര്യമാണ് നമുക്ക് ചുറ്റുമുള്ളത്. അവിടെയാണ് കർത്താവിന്റെ വായ്മൊഴിയായി നാം മേൽ വായിച്ചു കേട്ട വചനം ഒരു ദൈവപൈതലിനെ ആശ്വസിപ്പിക്കുന്നത്.

ഒരു കഥ ഇപ്രകാരമുണ്ട്, ഒരിക്കൽ മരണം ഒരു നഗരത്തിലൂടെ പോവുകയായിരുന്നു. വഴിമധ്യേ ഒരു മനുഷ്യൻ മരണത്തെ കണ്ട് അതിനോടായി ചോദിച്ചു, നീ എന്തു ചെയ്യുവാനാണ് ഈ നഗരത്തിൽ കടന്നു വന്നതെന്ന്. അതിനു മറുപടിയായ് മരണം പറഞ്ഞു, ഞാൻ ഇന്ന് ഈ നഗരത്തിൽ നിന്ന് 100 പേരെ കൊണ്ടുപോവാൻ വന്നിരിക്കുന്നു. ഇതു കേട്ട മാത്രയിൽ ആ മനുഷ്യൻ നഗരത്തിലുടനീളം നടന്ന് എല്ലാവരോടുമായി ഈ വാർത്തയെ അറിയിച്ചു. തന്റെ മടക്ക യാത്രയിൽ മരണത്തെ വീണ്ടും കണ്ടുമുട്ടിയ ആ മനുഷ്യൻ ചോദിച്ചു, എന്തിനു നീ 1000 പേരെ കൊണ്ടുപോകുന്നു. വളരെ രസകരമായ മറുപടിയാണ് മരണം ആ വ്യക്തിക്കു നൽകിയത്, ഞാൻ 100 പേരെ മാത്രമേ എടുത്തുള്ളൂ, എന്നാൽ ബാക്കിയുള്ളവർ തങ്ങളുടെ ആകുലതകൾ മൂലം സ്വയം മരണത്തിലേക്ക് വന്നവരാണെന്ന്.

പ്രിയരേ, ഒരുപക്ഷെ ഇന്ന് ഈ ധ്യാനചിന്ത എഴുതുമ്പോൾ എന്റെയും, അത് വായിക്കുന്ന മാത്രയിൽ നിങ്ങളുടെയും മനസ്സിൽ ജീവിതത്തെക്കുറിച്ചുള്ള അനേകം ആകുലതകൾ കടന്നു പോകുന്നുണ്ടാവാം. എന്നാൽ വചനത്തിൽ കർത്താവ് നമ്മോടായി പറയുകയാണ്, 'ആകാശത്തിലെ പറവകളെ നോക്കുവിൻ; അവ വിതെക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ കൂട്ടി വെക്കുന്നതുമില്ല; എങ്കിലും സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു അവയെ

പുലർത്തുന്നു; അവയെക്കാൾ നിങ്ങൾ ഏറ്റവും വിശേഷതയുള്ളവരല്ലയോ? വയലിലെ താമര എങ്ങനെ വളരുന്നു എന്നു നിരൂപിപ്പിൻ; അവ അദ്ധ്വാനിക്കുന്നില്ല, നൂൽക്കുന്നതുമില്ല. എന്നാൽ ശലോമോൻ പോലും തന്റെ സർവ്വമഹത്വത്തിലും ഇവയിൽ ഒന്നിനോളം ചമഞ്ഞിരുന്നില്ല, ഇന്നുള്ളതും നാളെ അടുപ്പിലിടുന്നതുമായ വയലിലെ പുല്ലിനെ ദൈവം ഇങ്ങനെ ചമയിക്കുന്നു എങ്കിൽ, അൽപവിശ്വാസികളേ, നിങ്ങളെ എത്ര അധികം.' (മത്തായി 6:26–30).

പ്രിയ ദൈവപൈതലേ, മനുഷ്യസഹജമായ ഈ ചിന്താകുലത്തിൽ കിടന്നുഴലാനുള്ളതല്ല നിന്റെ ജീവിതം എന്ന് കർത്താവ് തന്നെ തന്റെ വചനത്തിൽ നമ്മോട് മുന്നറിയിപ്പു തന്നിരിക്കുന്നു; എങ്കിൽ ഇനി എന്തിന്നു നാം മടിച്ചു നിൽക്കണം. അതിൽ നിന്നു മാറി അവൻ പറഞ്ഞതനുസരിച്ച് മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിക്കുന്നവരായി മാറുവാൻ പ്രതിജ്ഞാബദ്ധരാകാം. അതിനായി ദൈവത്തിന്റെ ആത്മാവ് നമ്മെ സഹായിക്കുമാറാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :
മത്തായി 6:25
എന്തു തിന്നും എന്തു കുടിക്കും എന്നു നിങ്ങളുടെ ജീവന്നായിക്കൊണ്ടും എന്തു ഉടുക്കും എന്നു ശരീരത്തിന്നായിക്കൊണ്ടും വിചാരപ്പെടരുതു; ആഹാരത്തേക്കാൾ ജീവനും ഉടുപ്പിനേക്കാൾ ശരീരവും വലുതല്ലയോ?

ബ്രദർ. ബിനു ബേബി ആലപ്പുഴ 193